(ബി) ഇതിലെ എത്ര യൂണിറ്റുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(സി) ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം യൂണിറ്റുകളാണ് ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നത്;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഇത്തരം യൂണിറ്റുകളെ ലാഭത്തിലാക്കുന്നതിന് ആവശ്യമായ കാര്യങ്ങളെന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അവ പരിഹരിച്ച് പ്രസ്തുത യൂണിറ്റുകളെ പുനഃരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—സി) കെൽട്രോണിന്റെ ഹോൾഡിംഗ് കമ്പനിയായ കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും കെൽട്രോൺ സെറാമിക്സ് ഒഴികെയുള്ള മറ്റു സബ്സിഡിയറി കമ്പനികളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നിരുന്നാലും കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സ് ലിമിറ്റഡും (കണ്ണൂർ), കെൽട്രോൺ റസിസ്റ്റേഴ്സ് ലിമിറ്റഡ് (കണ്ണൂർ), കെൽട്രോൺ മാഗ്നെറ്റിക്സ് ലിമിറ്റഡ് (കണ്ണൂർ) എന്നീ കമ്പനികളും പലിശയും (പഴയ കടങ്ങളുടെ) മൂല്യശോഷണം, നികുതി എന്നിവയും കണക്കാക്കാതെയുള്ള ലാഭം ഉണ്ടാക്കുന്നു.

(ഡി, ഇ) ഇതു സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി പഠനം നടത്തുന്നുണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

സിൽക്കിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര

16 [4873] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിൽക്ക് കമ്പനിയിലെ ഏതൊക്കെ ഉദ്യോഗസ്ഥർ/ജീവനക്കാർ നാളിതുവരെ ഏതൊക്കെ വിദേശ രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ യാത്രകൾ സർക്കാർ അംഗീകാരത്തോടെയാണോ നടത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ യാത്രയും എന്ത് ആവശ്യത്തിന് വേണ്ടിയാണ് ഓരോരുത്തരും നടത്തിയതെന്നും അതിലൂടെ കമ്പനിക്ക് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ഡി) ഓരോ യാത്രയ്ക്കും ഓരോരുത്തർക്കും വേണ്ടി ചെലവായതുക എത്ര വീതമെന്നും പ്രസ്തുത ചെലവ് ആര് നൽകിയെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിൽക്ക് മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. സി. ഖാലിദും, സിൽക്ക് പ്രോജക്റ്റ് എഞ്ചിനീയറിംഗ് ആന്റ് എക്സ്പോർട്ട് ഡിവിഷൻ മാനേജർ ശ്രീ. പി. രവീന്ദ്രമേനോനും ചൈന സന്ദർശിച്ചിട്ടുണ്ട്.

(ബി) സർക്കാർ അംഗീകാരത്തോടെയാണ്.

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ചൈനയിലെ എച്ച്. സി. ഐ. ഡി. സി. കമ്പനിയും സിൽക്കും ചേർന്ന് സംയുക്തമേഖലയിൽ സിൽക്കിന്റെ ചേർത്തലയിലുള്ള യൂണിറ്റിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച സ്മോൾ ഹൈഡ്രോമാനുഫാക്ചറിംഗ് കമ്പനി തുടങ്ങുന്നത് ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ് സിൽക്ക് മാനേജിംഗ് ഡയറക്ടർ ശ്രീ. ടി. സി. ഖാലിദ് 2002 ജൂൺ മാസത്തിൽ ചൈന സന്ദർശിച്ചത്. ഈ സന്ദർശനത്തിൽ മേൽ കമ്പനിയും സിൽക്കും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. ഇതോടനുബന്ധിച്ച് ചൈനയിൽ നിന്ന് 6 അംഗസംഘം 2003 ജനുവരിയിൽ കേരളത്തിൽ വരികയും ഗവൺമെന്റുമായും സിൽക്ക് അധികൃതരുമായും ചർച്ചകൾ നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സംയുക്തമേഖലയിലുള്ള ഈ കമ്പനി രൂപീകരണത്തിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി അമരാവതി എന്ന സ്ഥലത്ത് സ്മോൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് സ്ഥാപിക്കുന്നതിന് സിൽക്കിന് 1998-ൽ ഓർഡർ ലഭിക്കുകയുണ്ടായി. ആയതിന്റെ ടർബൈൻ മുതലായ ഉപകരണങ്ങൾ നിർമ്മിക്കുവാൻ ചൈനയിലെ നാനിംഗ്-ൽ എൻ. ജി. ഡബ്ല്യു. എന്ന സ്ഥാപനത്തിനാണ് കരാർ കൊടുത്തിട്ടുള്ളത്. മേൽ കരാറിന്റെ ഭാഗമായി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ഉപകരണങ്ങൾ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിന്റെ നിർദ്ദേശപ്രകാരമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനും സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും വേണ്ടിയാണ് ശ്രീ. രവീന്ദ്രമേനോൻ ചൈന യാത്ര നടത്തിയത്.

(ഡി) ശ്രീ. ടി. സി. ഖാലിദിന്റെ (മാനേജിംഗ് ഡയറക്ടർ) യാത്രയ്ക്ക് 2,84,489 രൂപയും ശ്രീ. പി. രവീന്ദ്രമേനോന്റെ (മാനേജർ) യാത്രയ്ക്ക് 1,52,439 രൂപയും ചെലവായി. ഈ തുക സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡാണ് നൽകിയത്.

'സിൽക്കി'ന്റെ യൂണിറ്റുകൾ

17 [4874] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് ആകെ എത്ര യൂണിറ്റുകൾ ഉണ്ട്;

(ബി) മേൽപ്പറഞ്ഞ ഓരോ യൂണിറ്റിന്റെയും കഴിഞ്ഞ പത്തു വർഷത്തെ ലാഭം/നഷ്ടം എത്ര വീതമാണ്;

LIBRARY ARCHIVES Kerala Legislative Assembly